

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P11/2387

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 19/12/2025
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1ഡയറക്ടർ,കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
2.ജോയിന്റ് ഡയറക്ടർ തസ്വഭവ കൊല്ലം
3.ഓഫീസ് കോപ്പി

നമ്പർ: KSA/KLM/P11/2387 തീയ്യതി: 19/12/2025

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2025 മുതൽ 31-08-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ജി.സിന്ധു	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	29-10-2025	03-11-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
29-10-2025	03-11-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീമതി.ശ്രീകുമാരി.റ്റി., ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
2. ശ്രീമതി.പത്മകുമാരി.എൽ, ഓഡിറ്റ് ഓഫീസർ
3. ശ്രീ. ചന്ദ്രപ്രകാശ്.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
4. ശ്രീ.ജോസഫ് ഡാരിൽ ജോസ്., ഓഡിറ്റർ (29.10.2025, 30.10.2025)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.എസ്.രഞ്ജിത് കുമാർ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി.സുമ.ഐ.വി	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2024	02-10-2024
ശ്രീ. സുജിത് കുമാർ.വി	സെക്രട്ടറി	03-10-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ശോഭ കെ,	മെഡിക്കൽ ഓഫീസർ (അലോപ്പതി)	01-04-2024	31-03-2025
ശ്രീ.സന്തോഷ് കുമാർ.എസ്.	അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീ.ശ്രീജിത്ത്.എസ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി.സരിത.വി.എസ്	അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ	01-04-2024	31-03-2025
ശ്രീമതി.ആശ.എസ്	എസ്.സി.ഡെവലപ്മെന്റ് ഓഫീസർ	01-04-2024	31-03-2025
ശ്രീമതി. ഉഷാറാണി.കെ.എസ്	ശിശുവികസന ഓഫീസർ	01-04-2024	31-03-2025
ശ്രീമതി. ജയകുമാരി ജെ	ശിശുവികസന ഓഫീസർ (അഡീഷണൽ)	01-04-2024	30-07-2024
ശ്രീമതി.പത്മലത.ആർ	ശിശുവികസന ഓഫീസർ (അഡീഷണൽ)	01-08-2024	31-03-2025
ശ്രീമതി.അശ്വതി.എസ്.നായർ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീ.സുബിൻ.എ	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	26-08-2024
ശ്രീ.മുഹമ്മദ് റാസി.എ	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	27-08-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	വിവിധയിനം ഡെപ്പോസിറ്റുകളുടെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല	1-1-2
4	അഡ്വാൻസ് & ഡെപ്പോസിറ്റ് തുകകളുടെ വിശദാംശം ലഭ്യമാക്കിയില്ല	1-1-3
5	B4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ ഡെവലപ്പ്മെന്റ് ഫണ്ട്(എസ്.സിപി)ക്യാപിറ്റൽ 325490/-രൂപ ഏതിനമാണെന്ന് വ്യക്തമാക്കിയിട്ടില്ല	1-1-4
6	വികസനഫണ്ട് SCP- ചെലവിലെ വ്യത്യാസം	1-1-5
7	IAY, NREGS രേഖകൾ ഹാജരാക്കിയില്ല	1-1-6
8	ബജറ്റ്	1-2
9	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
10	ഫണ്ട് വിനിയോഗം	1-4
11	പദ്ധതി അവലോകനം	1-5
12	തൊഴിലുറപ്പ് പദ്ധതി	1-6
13	ക്ഷേമപദ്ധതികൾ	1-7
14	ക്യാഷ് പരിശോധനന	1-8
15	ആഭ്യന്തര നിയന്ത്രണം	1-9
16	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
17	നിർദ്ധനരായ കാഴ്ചക്കുറവുള്ളവർക്ക് കണ്ണട വിതരണം – മാർഗ്ഗരേഖയ്ക്ക് വിരുദ്ധം	1-11
18	പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കൽ മികവ്-സർക്കാർ അനുമതിയില്ലാതെ അധ്യാപകരെ നിയമിച്ച് ഹോണറേറിയം നല്കി	1-12
19	ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പട്ടികജാതി നഗറുകളിൽ സോളാർലൈറ്റ് സ്ഥാപിക്കൽ-സർക്കാർ അനുമതിയില്ലാതെ പദ്ധതി നടപ്പിലാക്കി	1-13
20	കർഷകയ്ക്ക് കൈത്താങ്ങ്-ഗ്രാമപഞ്ചായത്ത് മുഖേന നടത്തുന്നതിന് സർക്കാർ നിർദ്ദേശമുള്ള പദ്ധതി സബ്സിഡി അധികം നല്കി നൂതന പദ്ധതിയായി നടപ്പിലാക്കി	1-14
21	ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ട് നവീകരണം	1-15
22	പത്രപരസ്യം - ഡിസ്കൗണ്ട് ലഭിച്ചില്ല	1-16
23	മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു	1-17
24	ഐ.എ.വൈ വായ്പ തിരിച്ചടവ്	1-18
25	ടാർ-കാലി ബാരൽ വില തനത് ഫണ്ടിൽ ഒടുക്കി	1-19
26	കാലി ബാരലിന്റെ വില ഈടാക്കിയില്ല	1-20
27	പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരമായി പിഴ ഈടാക്കിയില്ല	1-21
28	ഇൻഷുറൻസ് പോളിസി സമർപ്പിക്കാത്ത കരാറുകാരിൽ നിന്ന് ഫൈൻ ഈടാക്കിയില്ല	1-22
29	ഭരണസമിതിയോഗങ്ങളുടെ കരട് മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ല	1-23
30	ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നു	1-24
31	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-25
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ്പ്	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4

5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധം-3	
4	അനുബന്ധ പത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 23.06.2025 തീയതിയിലെ II (1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 26.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം
തീയതി:19.12.2025

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

1-1-2 വിവിധയിനം ഡെപ്പോസിറ്റുകളുടെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

വിവിധയിനം ഡെപ്പോസിറ്റുകളുടെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക കണക്കിലുൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

1-1-3 അഡ്വാൻസ് & ഡെപ്പോസിറ്റ് തുകകളുടെ വിശദാംശം ലഭ്യമാക്കിയില്ല

B18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന Deposit With Kerala Water Authority, Deposit With Ground Water Department എന്നിവയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

1-1-4 B4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ ഡെവലപ്പ്മെന്റ് ഫണ്ട്(എസ്.സിപി)ക്യാപിറ്റൽ 325490/-രൂപ ഏതിനമാണെന്ന് വ്യക്തമാക്കിയിട്ടില്ല

B4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ ഡെവലപ്പ്മെന്റ് ഫണ്ട് (എസ്. സി.പി) ക്യാപിറ്റൽ 325490/- രൂപ ഏതിനമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടില്ല.

1-1-5 വികസനഫണ്ട് SCP- ചെലവിലെ വ്യത്യാസം

വികസനഫണ്ട് SCP-SCDO യുടെ പ്രോജക്ടുകളായ 130/25 (225000/-), 132/25 (1060000/-) എന്നിവയുടെ ചെലവ് (ആകെ 1285000/- രൂപ) സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടില്ല. വികസന ഫണ്ട് SCP ചെലവ് തുകയിൽ 650000/- രൂപ അധികമായി ചെലവ് കാണിക്കുന്നതിന്റെ കാരണം ബോധ്യപ്പെടുത്തിയിട്ടില്ല. I.I.C, IAY, NREGS രേഖകൾ ഹാജരാക്കിയില്ല. IAY വരവ് ചെലവ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

1-1-6 IAY, NREGS രേഖകൾ ഹാജരാക്കിയില്ല

IAY, NREGS എന്നിവയുടെ വരവ്, ചെലവ് തുകകളുടെ കൃത്യത പരിശോധിക്കുന്നതി നാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

1-2 ബജറ്റ്

2024-2025 സാമ്പത്തിക വർഷത്തെ ബജറ്റ് 09.02.2024 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 19.03.2025 തീയതിയിലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	37,263,586/- രൂപ
വരവ്	110721142/- രൂപ
ആകെ	147984728/- രൂപ
ചെലവ്	111053218/- രൂപ
നീക്കിയിരിപ്പ്	36931510/- രൂപ
വരവിനങ്ങളിലെ നഷ്ടം	ഇല്ല
ചെലവിനങ്ങളിലെ നഷ്ടം/നിരാകരിച്ച തുക	ഇല്ല
തടസ്സപ്പെടുത്തിയ തുക	7571180/- രൂപ

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	ലാപ്സായ തുക (₹)
വികസന ഫണ്ട്-ജനറൽ	0	31628000/-	31628000/-	28355518/-	3272482/-
വികസന ഫണ്ട്-എസ്.സി.പി	0	29094000/-	29094000/-	28335402/-	758598/-
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് (ബാങ്ക്)	4859062/-	5910849/-	10769911/-	5333739/-	5436172/-/-
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് (ബാങ്ക്)	6895405/-	11768000/-	18663405/-	6814569/-	11848836/-
മെയിന്റനൻസ് ഫണ്ട്, നോൺ-റോഡ്	0	6844000/-	6844000s/-	5810864/-	1033136/-
എം.ജി.എൻ.ആർ.ഇ.ജി.എസ്.	0	3261679/-*	3261679/-	3182364/-*	79315/-
ശുചിത്വമിഷൻ	1285681/--	43574-	1329255/-	590/-	1328665/-
ഹെൽത്ത് ഗ്രാന്റ്	1337599/	2937001/-	4274600/-	600000/-	3674600/--
ഐ.എ.വൈ	18617339/--	9053693/-*	27671032/-	16702094/-*	10968938/-
വികസന ഫണ്ട്-എസ്.സി.പി-Capital	0	325490/-	325490/-	0	325490/-

*വരവ്-ചെലവുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല. ട്രയൽ ബാലൻസ് പ്രകാരമുള്ള തുകകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (രൂപ)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം
136	167984814/-	84	87024563/-	8	44	61 %

1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

1-7 ക്ഷേമപദ്ധതികൾ

ഇല്ല.

1-8 ക്യാഷ് പരിശോധനന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.10.2025, 02.30 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നേ ദിവസം വരവില്ലായിരുന്നു. ക്യാഷ് ബുക്ക്, ക്യാഷ് ചെസ്റ്റ് എന്നിവ പ്രകാരം നീക്കിയിരിപ്പും ഇല്ലായിരുന്നു.

1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ ക്ഷേമചുമതലകളും സാമ്പത്തിക വികസന പ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ ആവിഷ്ക്കരിച്ച് നിർവ്വഹണം നടത്തുന്നതിന് ഉതകുന്ന ഭരണ സംവിധാനം പഞ്ചായത്തിൽ നിലവിലുണ്ട്. ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിച്ച് ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകിയിട്ടുണ്ട്. സർക്കാരിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളമോ ഓണറേറിയമോ നല്കാൻ പാടില്ലെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ (GO(Ms)115/22LSGD Dated 28-5-22 ഖ.8.6.) വ്യക്തമാക്കിയിട്ടും പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കൽ - മികവ് പദ്ധതിയിൽ സർക്കാർ അനുമതിയില്ലാതെ അധ്യാപകരെ നിയമിച്ച് ഹോണറേറിയം നല്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 25-6-24 ലെ ഡി.എ.1- 256/24 സർക്കുലറിലും ഘടക സ്ഥാപനങ്ങൾ അല്ലാത്തവയ്ക്കു വേണ്ടിയും, ചുമതലയിൽപ്പെടാത്തവയ്ക്കു വേണ്ടിയും തുക ചെലവഴിക്കരുതെന്ന് വ്യക്തമാക്കിയിരിക്കെ, ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്തതും ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിലുൾപ്പെട്ടതുമായ പട്ടികജാതി നഗറുകളിൽ സോളാർലൈറ്റ് സ്ഥാപിക്കൽ, കർഷകയ്ക്ക് കൈത്താങ്ങ് എന്നീ പദ്ധതികൾ സർക്കാർ അനുമതിയില്ലാതെ നടപ്പിലാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനങ്ങൾ/പ്രവൃത്തികൾ സർക്കാർ അനുമതിയില്ലാതെ നടപ്പിലാക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതികൾക്ക് ജി.ഒ(പി)90/23 എൽ.എസ്.ജി.ഡി9-4-23ലെ നിർദ്ദേശങ്ങൾ പാലിച്ചു മാത്രം മെയിന്റനൻസ് ഫണ്ട് വകയിരുത്തേണ്ടതാണ്.

ഐ.എ.വൈ. ധനസഹായത്തിനായി വെട്ടിക്കവല സർവീസ് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിൽ നിന്ന് എടുത്ത വായ്പാബാധ്യത തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

രേഖകൾ ലഭ്യമാക്കിയില്ല

പണം ഒടുക്ക്, പിൻവലിക്കൽ എന്നിവയുടെ പരിശോധനയ്ക്കായി ഡേ-ബുക്ക്, ചിട്ട, ബാങ്ക് ബുക്ക്, കാഷ് ബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ വിന്യസിച്ചിരിക്കുന്ന സോഫ്റ്റ്വെയറിൽ ഓഡിറ്റിന് ലോഗിൻ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെക്ക് ഇഷ്യൂ രജിസ്റ്റർ, വൗച്ചർ തുടങ്ങിയ രേഖകളുടെ അടിസ്ഥാനത്തിലാണ് വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയുടെ പരിശോധന നടത്തിയത്.

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും കാലയളവ് മേൽവിലാസം ഇവ രേഖപ്പെടുത്തി രജിസ്റ്റർ എന്നിവ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	19.06.2024	2024-2025	17.10.2024
അക്കൌണ്ടന്റ് ജനറലിന്റെ	21.06.2019 മുതൽ 24.06.2019	2014 മുതൽ 2019	14.09.2019

ഓഡിറ്റ്	വരെ	വരെ	

1-11 നിർദ്ധനരായ കാഴ്ചക്കുറവുള്ളവർക്ക് കണ്ണട വിതരണം – മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

സമഗ്ര ദേശീയ അന്ധത നിവാരണ പദ്ധതികളുടെ ഭാഗമായി മെഡിക്കൽ ഓഫീസർ സി.എച്ച്.സി, കുളക്കട, നിർദ്ധനരായ കാഴ്ചക്കുറവുള്ളവർക്ക് കണ്ണട വിതരണം എന്ന, മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത പ്രോജക്ട് നടപ്പിലാക്കി. വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	എസ്.181 /2024-2025	
പേര്	സമഗ്ര ദേശീയ അന്ധത നിവാരണ പദ്ധതികളുടെ ഭാഗമായി നിർദ്ധനരായ കാഴ്ചക്കുറവുള്ളവർക്ക് കണ്ണട വിതരണം	
ഫണ്ട്	അടങ്കൽ	ചെലവ്
വികസന ഫണ്ട്	75,000/- രൂപ	62,160/- രൂപ
ബിൽ നമ്പർ, തീയതി	240401630651015927 17/19.03.2025	

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട കാഴ്ചക്കുറവുള്ള നിർദ്ധനരായ വിദ്യാർത്ഥികൾ, വയോജനങ്ങൾ എന്നിവർക്ക് ക്യാമ്പ് നടത്തി കണ്ണട വിതരണം നടത്തി. കണ്ണട വാങ്ങുന്നതിലേക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ മോഡേൺ ഒപ്റ്റിക്കൽസിന് ഒരു കണ്ണടയ്ക്ക് 828 രൂപ നിരക്കിൽ 22 സ്കൂൾ കുട്ടികൾക്കും 53 വയോജനങ്ങൾക്കുമായി ആകെ 75 കണ്ണടകൾ വാങ്ങി. ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 22 കുട്ടികൾക്കും 53 വയോജനങ്ങൾക്കുമായി ആകെ 75 കണ്ണടകൾ വാങ്ങിയെങ്കിലും മൂന്ന് കുട്ടികളുടേയും നാല് വയോജനങ്ങളുടേയും കണ്ണടകൾ വിതരണം ചെയ്തിട്ടില്ല.

2. പതിനാലാം പഞ്ചവത്സരപദ്ധതി പ്രകാരം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലോ [19.04.2022 തീയതിയിലെ സർക്കാർ ഉത്തരവ്(കൈ) നം.84/2022 തസ്വഭവ] സബ്സിഡി അനുവദിക്കുന്നതു സംബന്ധിച്ച 28.05.2022 തീയതിയിലെ സർക്കാർ ഉത്തരവ്(കൈ) നം.115/2022 തസ്വഭവ നമ്പർ മാർഗ്ഗരേഖയിലോ കണ്ണട വാങ്ങി നൽകൽ പ്രോജക്ടിന് അനുമതി നൽകിയിട്ടില്ല.

സമഗ്ര ദേശീയ അന്ധത നിവാരണ പദ്ധതികളുടെ ഭാഗമായി നിർദ്ധനരായ കാഴ്ചക്കുറവുള്ളവർക്ക് കണ്ണട വാങ്ങി നൽകുന്നതിന് പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി നൽകി ഉത്തരവ് ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാനും മേൽ പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കാനുള്ള സാഹചര്യവും രേഖകൾ സഹിതം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി പ്രോജക്ടിനായി ചെലവഴിച്ച തുക 62160/- രൂപ തടസ്സപ്പെടുത്തുന്നു. മേൽ പ്രോജക്ടിന് പ്രത്യേക അനുമതി/സർക്കാർ സാധൂകരണം ലഭ്യമായിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ ഹാജരാക്കേണ്ടതും വിതരണം ചെയ്യാൻ ശേഷിക്കുന്ന കണ്ണടകൾ വിതരണം ചെയ്യേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 9/03.11.2024

തടസ്സപ്പെടുത്തുന്ന തുക – 62,160/-രൂപ

1-12 പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കൽ മികവ്- സർക്കാർ അനുമതിയില്ലാതെ അധ്യാപകരെ നിയമിച്ച് ഹോണറേറിയം നല്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ	പട്ടികജാതി വികസന ഓഫീസർ
പ്രോജക്റ്റ് നം	71/25 പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കൽ- മികവ്
അടങ്കൽ തുക	850000/- രൂപ വികസന ഫണ്ട് എസ്.സി.പി.
ചെലവഴിച്ച തുക	788579/- രൂപ തുക മാറിയതിന്റെ ബിൽ നമ്പറുകൾ അനുബന്ധം –3 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

സ്കൂൾ പ്രവർത്തി സമയത്തിനു ശേഷം ഹൈസ്കൂൾ വിഭാഗത്തിൽ വരുന്ന കുട്ടികളെ പരീക്ഷയ്ക്ക് പ്രാപ്തരാക്കുന്നതിനുള്ള ട്യൂഷൻ സംവിധാനമാണ് മേൽ സൂചിപ്പിച്ച നൂതന പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്. വെട്ടിക്കവല ബ്ലോക്കിലുൾപ്പെട്ട പഞ്ചായത്തുകളിലെ 18 സ്കൂളുകളിലേക്ക് 18 ട്യൂഷൻ അദ്ധ്യാപകരെ നിയമിച്ച് ഒരു ക്ലാസ്സിന് 200/- രൂപ നിരക്കിൽ ഓണറേറിയം നൽകി ഇംഗ്ലീഷ്, കണക്ക്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളിൽ അതത് സ്കൂളുകളിൽ വച്ച് ക്ലാസ്സ് നല്കുന്നതാണ് പദ്ധതി. തൻവർഷം അദ്ധ്യാപകർക്ക് ഓണറേറിയമിനത്തിൽ 362200/- രൂപയും, കുട്ടികളുടെ റിഫ്രഷ്മെന്റ് ചാർജിനത്തിൽ 426379/- രൂപയും

ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പോ വിദ്യാഭ്യാസ വകുപ്പോ മുഖേന ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുന്നില്ല എന്ന് ഉറപ്പു വരുത്തണമെന്ന നിബന്ധനയോടെയാണ് നൂതനപദ്ധതിക്ക് അംഗീകാരം നല്കിയിട്ടുള്ളത്.

പദ്ധതി പരിശോധനാ വിവരം ചുവടെ ചേർക്കുന്നു.

1. നൂതനമായ ആശയങ്ങൾ, നവീന സാങ്കേതിക വിദ്യകൾ, പുതിയ പ്രക്രിയകൾ, പുതിയ നിർവ്വഹണ രീതികൾ, പുതിയ പങ്കാളിത്ത മാതൃകകൾ, എന്നിവ അവലംബിച്ചു കൊണ്ടുള്ള വികസന പ്രോജക്ടുകളാണ് നൂതന പ്രോജക്ടുകൾ. നൂതന പ്രോജക്ടുകളുടെ പരിശോധന, അംഗീകാരം ഇവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പഠനപരിപോഷണം ഉൾപ്പെടെയുള്ള പരിപാടികൾ എപ്രകാരം ആവിഷ്കരിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. നൂതന പദ്ധതികളാണെങ്കിൽ പോലും ശമ്പളം/ഹോണറേറിയം സർക്കാർ അനുമതിയോട് കൂടി മാത്രമേ നല്കാവൂയെന്ന് വ്യക്തമാക്കിയിട്ടുണ്ട്.നൂതന പ്രോജക്ടുകളാണെങ്കിൽ കൂടി സർക്കാരിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളമോ ഓണറേറിയമോ നല്കാൻ പാടില്ലെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ (GO(Ms)115/22LSGD Dated 28-5-22 ഖ.8.6.) വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സാങ്കേതിക വൈദഗ്ധ്യം ആവശ്യമുള്ളപക്ഷം കുറഞ്ഞത് ആറുമാസ കാലയളവിലേക്ക് ഓണറേറിയം നൽകി പരിശീലകരെ നിയമിക്കാവുന്നതാണ്. കൂടാതെ സന്നദ്ധ പ്രവർത്തകരായ യുവതീയുവാക്കൾ, അദ്ധ്യാപകർ എന്നിവരെ പങ്കെടുപ്പിച്ച് വിദ്യാർത്ഥികൾക്ക് പഠനപരിപോഷണം ഉൾപ്പെടെയുള്ള പരിപാടികൾ ആവിഷ്കരിക്കാവുന്നതാണെന്നും പദ്ധതി മാർഗ്ഗരേഖയിൽ (GO(Ms)84/22LSGD Dated 19-4-22 ഖ.8.6.10) വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി പ്രത്യേക സാങ്കേതിക വൈദഗ്ധ്യം ആവശ്യമില്ലാത്ത ഇനത്തിനായി സന്നദ്ധ സേവനത്തിന്റെ ലഭ്യത പരിശോധിക്കാതെ പരിശീലനത്തിനായി വികസനഫണ്ടിൽ നിന്നും ഓണറേറിയം നൽകി. മേൽ അപാകത സംബന്ധിച്ചും ഹൈസ്കൂളുകളുടെയും, ഹയർസെക്കന്ററി സ്കൂളുകളുടെയും നടത്തിപ്പ് ജില്ലാപഞ്ചായത്തിന്റെ ചുമതലയിലുൾപ്പെട്ടിരിക്കെ ബ്ലോക്ക് പഞ്ചായത്ത് ഇത്തരത്തിൽ പദ്ധതി ഏറ്റെടുത്ത് ഓണറേറിയം നല്കുന്നതിനുൾപ്പെടെ തുക ചെലവഴിച്ചതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

2. അദ്ധ്യാപകരുടെ തെരെഞ്ഞെടുപ്പ്, പഠനനിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ബ്ലോക്ക് പഞ്ചായത്ത് കണ്ടെത്തിയതെങ്ങനെ എന്നീ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്കൂളുകളിൽ കുട്ടികൾക്ക് പഠനത്തിന് മതിയായ സാഹചര്യം ഇല്ലായിരുന്നോ എന്നതും പഠന നിലവാരം ഉയർത്തേണ്ട സാഹചര്യം ഉണ്ടായിരുന്നോ എന്നതും ബോധ്യപ്പെടാനുതകുന്ന രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. കൂടാതെ സ്കൂളുകളുടെ ആവശ്യ പ്രകാരമാണോ പദ്ധതി ആവിഷ്കരിച്ച് ഏറ്റെടുത്തതെന്നും, പ്രോജക്ട് മുഖേന ഉദ്ദേശ ലക്ഷ്യം കൈവരിച്ചോ എന്നതും വ്യക്തമല്ല. മേൽ വിവരങ്ങൾ വ്യക്തമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ചുരുങ്ങിയ കാലയളവിൽ സിലബസ് പ്രകാരമുള്ള അദ്ധ്യയനമല്ല ലക്ഷ്യമിട്ടതെന്നും, പരീക്ഷയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്ന രീതിയിൽ തയ്യാറെടുപ്പ് നല്കുന്നതിനാണ് ലക്ഷ്യമിട്ടതെന്നും, സ്കൂളധികൃതരുടെ ഭാഗത്തു നിന്നും പദ്ധതി ഗുണകരമാണെന്ന അഭിപ്രായം ലഭിച്ചതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധ്യാപകരുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതായി മറുപടിയിൽ സൂചിപ്പിച്ചെങ്കിലും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. ഓരോ സ്കൂളിൽ നിന്നും ലഭ്യമാക്കിയ പഠനനിലവാരത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളുടെ വിവരവും വൈകുന്നേരത്തെ ക്ലാസ്സിൽ പങ്കെടുത്ത കുട്ടികളുടെ അറ്റന്റൻസും, ഓരോ ദിവസവും ക്ലാസ് കൈകാര്യം ചെയ്ത അധ്യാപകരുടെ വിവരവും ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല.
മേൽ സൂചിപ്പിച്ച അപാകതകളാൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 788579/- രൂപ തടസ്സപ്പെടുത്തുന്നു.

എൻക്വയറി നമ്പർ - 4/3-11-25

തടസ്സപ്പെടുത്തുന്ന തുക – 788579/- രൂപ

1-13 ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പട്ടികജാതി നഗറുകളിൽ സോളാർലൈറ്റ് സ്ഥാപിക്കൽ-സർക്കാർ അനുമതിയില്ലാതെ പദ്ധതി നടപ്പിലാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ	ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
പ്രോജക്റ്റ് നമ്പർ	146/25 ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പട്ടികജാതി നഗറുകളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ
അടങ്കൽ തുക	2300000/- രൂപ വികസന ഫണ്ട് എസ്.സി.പി.
ചെലവഴിച്ച തുക	2300000/- രൂപ ബിൽ നം. 38/18-3-25

ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പട്ടികജാതി നഗറുകളിൽ സോളാർ ലൈറ്റ് സ്ഥാപിക്കുന്നതിനായി മേൽ പദ്ധതി വഴി തൻവർഷം 2300000/- രൂപ അനർട്ടിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി നിലവിലും പൂർത്തീകരിച്ചിട്ടില്ല, പദ്ധതി പരിശോധനാ വിവരം ചുവടെ ചേർക്കുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28/05/2022 ഖണ്ഡിക 7.10.2 പ്രകാരം തെരുവ് വിളക്കുകളുടെ സ്ഥാപനം/മെയിന്റനൻസ് എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും മാത്രമേ ഏറ്റെടുക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സോളാർലൈറ്റ് സ്ഥാപിക്കുന്നതിനുള്ള വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് നല്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിനു മാത്രമാണ് ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാപഞ്ചായത്തുകൾക്കും അനുമതിയുള്ളത്. പദ്ധതി-സബ്സിഡി മാർഗ്ഗ രേഖകളിലും 25-6-24ലെ ഡി.എ.1.256/24 ത.സ്വ.ഭ.വ സർക്കുലറിലും ഘടകസ്ഥാപനങ്ങൾ അല്ലാത്തവയ്ക്കുവേണ്ടിയും ചുമതലയിൽ പെടാത്തവയ്ക്കു വേണ്ടിയും തുക ചെലവഴിക്കരുതെന്ന് വ്യക്തമാക്കിയിരിക്കെ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്തതും ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിലുൾപ്പെട്ടതുമായ മേൽ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയതിന്റെ കാരണവും, സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കണമെന്നറിയിച്ചും നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.
ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി കൃത്യമായ അന്വേഷണം നടത്തിയാണ് പദ്ധതി നടപ്പിലാക്കിയതെന്നും ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയിരുന്നുവെങ്കിൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാതെയും, ബ്ലോക്ക് അംഗങ്ങൾ നിർദ്ദേശിക്കുന്ന സ്ഥലത്ത് ലൈറ്റുകൾ സ്ഥാപിക്കാൻ കഴിയാതെ വരികയും പഞ്ചായത്തുകൾക്ക് തുക കൈമാറി നല്കുമ്പോൾ ബ്ലോക്കോഫീസിന്റെ വികസന ഫണ്ടുപയോഗിച്ച് നടത്തുന്ന പദ്ധതികളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പേര് പരാമർശിക്കാതെ പോവുകയും ബ്ലോക്കിലെ ജനപ്രതിനിധികൾക്ക് നഗറുകളിൽ പ്രവേശിക്കുവാൻ കഴിയാത്ത സാഹചര്യവും ഉണ്ടാവുമെന്നതിനാലാണ് മേൽ പ്രകാരം പദ്ധതി നടപ്പിലാക്കേണ്ടി വന്നതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായതിനാലും, പദ്ധതി നിലവിലും പൂർത്തീകരിക്കാത്തതിനാലും മറുപടി അംഗീകരിക്കുന്നില്ല. 2300000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ - 12/4-11-25

തടസ്സപ്പെടുത്തുന്ന തുക – 2300000/- രൂപ

1-14 കർഷകയ്ക്ക് കൈത്താങ്ങ്-ഗ്രാമപഞ്ചായത്ത് മുഖേന നടത്തുന്നതിന് സർക്കാർ നിർദ്ദേശമുള്ള പദ്ധതി സബ്സിഡി അധികം നല്കി നൂതന പദ്ധതിയായി നടപ്പിലാക്കി

നിർവ്വഹണോദ്യോഗസ്ഥൻ	ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി	
പ്രോജക്ട് നമ്പർ	113/25 (Spill Over Of 13/24)	
പ്രോജക്ടിന്റെ പേര്	കർഷകയ്ക്ക് കൈത്താങ്ങ്	
അടങ്കൽ	1,17,02,784/- രൂപ	
ഫണ്ടിനം	വികസന ഫണ്ട് ജനറൽ	24,40,284/- രൂപ
	കേന്ദ്രാവിഷ്കൃത ഫണ്ട്	91,20,000/- രൂപ
	ഗുണഭോക്തൃ വിഹിതം	1,42,500/- രൂപ
ചെലവഴിച്ച തുക	വികസന ഫണ്ട് ജനറൽ	2417484/- രൂപ ACR ബിൽ നം. 169/31-12-24, തുക -654000/-രൂപ
		ACR ബിൽ നം.239/23-1-25, തുക-654000/- രൂപ
		ACR ബിൽ നം. 304/1-3-25, തുക - 588600/- രൂപ
		ACRബിൽ നം. 389/24-3-25, തുക - 463884/-രൂപ
		ACR ബിൽ നം. 416/25-3-25, തുക-57000/- രൂപ)

	ഗുണഭോക്തൃ വിഹിതം	17784/-TC

2023-24 ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 13/24 കർഷകയ്ക്കൊരു കൈത്താങ്ങ് എന്ന നൂതന പദ്ധതിയുടെ (അടങ്കൽ തുക – 1,21,12,500/- രൂപ, 2023-24 ൽ ചെലവഴിച്ച തുക – 4,09,716/- രൂപ) സ്പിൽ ഓവറായാണ് തൻവർഷ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയുടെ പരിശോധനയിൽ സബ്സിഡി മാർഗ്ഗരേഖയിലുൾപ്പെട്ടതായ പദ്ധതിയാണ് സബ്സിഡി നിരക്ക് വർദ്ധിപ്പിച്ച് നൂതന പദ്ധതിയായി അംഗീകാരം വാങ്ങി നടപ്പിലാക്കിയിരിക്കുന്നതെന്നു ബോധ്യപ്പെട്ടു. ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കി മാത്രമേ പദ്ധതി നടപ്പാക്കാൻ സാധിക്കുകയുള്ളുവെന്ന് നിലവിലെ സെക്രട്ടറി ഭരണസമിതിയെ ബോധ്യപ്പെടുത്തുകയും ടി പദ്ധതി നിർവ്വഹണം നടത്തണമെന്ന ഭരണസമിതി നിർദ്ദേശത്തോട് രേഖാമൂലം വിയോജനം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പദ്ധതി പരിശോധനാ വിവരം ചുവടെ ചേർക്കുന്നു.

1. കാർഷികവൃത്തിയിൽ വനിതകളെ കൂടുതൽ തൽപ്പരരാക്കുന്നതിലൂടെ കുടുംബത്തിന്റെ സാമൂഹിക സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനായി വനിതകൾക്ക് ഒരു കിടാരി, 2 ആട്ടിൻ കുട്ടി, 25 കോഴി കുഞ്ഞുങ്ങൾ, 500/- രൂപയുടെ പച്ചക്കറി തൈകൾ, ഇടവിള കൃഷിക്കുള്ള ട്യൂബേഴ്സ് എന്നിവ നല്കുന്നതായിരുന്നു പദ്ധതി. പദ്ധതിയിലെ 114 ഗുണഭോക്താക്കൾക്ക് കാർഷിക മേഖലയിലെ വിവിധ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്നതിനും, എം.ജി.എൻ.ആർ.ഇ.ജി. എസ്സുമായി സംയോജിപ്പിച്ച് തൊഴുത്തുനിർമ്മാണം നടത്തുന്നതിനും വിഭാവനം ചെയ്താണ് മേൽ പദ്ധതി നൂതന പദ്ധതിയായി അംഗീകാരം വാങ്ങിയിട്ടുള്ളത്.

പദ്ധതിയ്ക്ക് കൊല്ലം ജില്ലാ നൂതനകമ്മിറ്റി 18/9/23ൽ അംഗീകാരം നൽകി. നവീന ആശയങ്ങൾ ഉൾപ്പെടുന്ന പദ്ധതികളായിരിക്കണം നൂതന കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതെന്നും, സബ്സിഡി മാർഗ്ഗരേഖയെ മറികടന്ന് പ്രോജക്ടുകൾ രൂപീകരിക്കാനുള്ള മാർഗ്ഗമല്ലെന്നും 18/9/23ലെ നൂതനകമ്മിറ്റി മിനിട്ട്സിൽ വ്യക്തമാക്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)115/22 എൽ.എസ്.ജി.ഡി. തീയതി 28-5-22) ഖ. 6-1-10ൽ സംയോജിത ഫാംപ്ലാനിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വിളകൾക്ക് പുറമേ മൂന്ന് വിളകൾ/ഇനങ്ങൾ,കന്നുകാലി വളർത്തൽ/മത്സ്യകൃഷി എന്നിവ ഉൾപ്പെടുത്തി പ്രോജക്ട്, സംയോജിതകൃഷി (IFS), 10 സെന്റു മുതൽ ഒരു ഹെക്ടർ വരെ കൃഷി ചെയ്യുന്നതിന് 10000 രൂപ/10 സെന്റ് എന്ന നിരക്കിൽ ഒരു ഹെക്ടറിന് പരമാവധി 75000/- രൂപ വരെ സബ്സിഡിയായി നല്കി ഗ്രാമപഞ്ചായത്തിനും നഗര ഭരണസ്ഥാപനങ്ങൾക്കും ഏറ്റെടുക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. ഈ പദ്ധതിയാണ് ബ്ലോക്ക് പഞ്ചായത്ത് നൂതനപദ്ധതിയായി നടപ്പിലാക്കിയത്.

2. നൂതന പദ്ധതിയുടെ മാനദണ്ഡങ്ങൾ മറികടന്ന് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്തതും വ്യക്തമായ സബ്സിഡി മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുള്ളതുമായ പദ്ധതിയെ നൂതന പദ്ധതിയാക്കി നിർവ്വഹണം നടത്തി. പ്രോജക്ട് രൂപീകരണ ഫോറത്തിൽ ഉല്പാദന മേഖലയിലെ സംയോജിതകൃഷി (IFS) ഉപമേഖലയിലുൾപ്പെടുത്തിയ മേൽ പദ്ധതിയുടെ വിഷയ മേഖലാടിസ്ഥാനത്തിലുള്ള പരിശോധനാ സാക്ഷ്യപത്രത്തിൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ ഇനങ്ങൾക്കല്ലെന്നും, വകുപ്പു പരിപാടികളിലൂടെ നടപ്പിലാക്കാൻ കഴിയാത്ത ഇനങ്ങളാണെന്നുമുള്ള തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തിയാണ് നൂതനകമ്മറ്റിയുടെ അംഗീകാരം വാങ്ങിയിട്ടുള്ളത്.

3. പദ്ധതി വഴി 114 വനിതകൾക്ക് 12000/- രൂപ നിരക്കിൽ ഒരു കിടാരിയേയും 4900/- രൂപ നിരക്കിൽ 2 ആട്ടിൻകുട്ടികളെയും (9800/-രൂപ) 130/- രൂപ നിരക്കിൽ 25 കോഴിക്കുഞ്ഞുങ്ങളെയും (3250/- രൂപ) 500/- രൂപ നിരക്കിലുള്ള പച്ചക്കറിവിത്തും 500/- രൂപ നിരക്കിലുള്ള ട്യൂബർകിറ്റും ഉൾപ്പെടെ ഒരു വ്യക്തിക്ക് 26050/- രൂപ നിരക്കിൽ കൂട് ഒഴികെയുള്ള ഇനങ്ങൾക്കായുള്ള ആകെ ചെലവായ 29,69,700/- രൂപയിൽ നാളിതുവരെ 2827200/- (24,17,484+4,09,716) രൂപ വികസന ഫണ്ടിൽ നിന്നും 17784/- രൂപ ഗുണഭോക്തൃ വിഹിതമിനത്തിലും ചെലവഴിച്ചിട്ടുണ്ട്.

പദ്ധതിക്കായി തൻവർഷം ചെലവഴിച്ചിട്ടുള്ള തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

കിടാരി	12000x114	2360484/-രൂപ (ബെൻസീ ഫാം, ഇളമ്പൽ)
ആട്ടിൻ കുട്ടി	4900x228	
ട്യൂബേഴ്സ്	500x114	57,000/-രൂപ (VFPCK)
25 കോഴികൾ (ഗു.വി)	മുൻവർഷ ബാക്കി	17784/-രൂപ (KEPCO)
	ആകെ	24,35,268/- രൂപ

ഗുണഭോക്തൃ വിഹിതമിനത്തിൽ ഒരു ഗുണഭോക്താവിൽ നിന്നും 1250/- രൂപ വീതം 142500/- ശേഖരിച്ചെങ്കിലും ഏതൊക്കെയിനത്തിനാണ് വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടില്ല. കോഴികളെ വിതരണം ചെയ്തതിനുള്ള

ഗുണഭോക്തൃവിഹിതമായി 17784/- രൂപ മാത്രമാണ് ആകെ ചെലവഴിച്ചിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം കിടാരി, ആട്ടിൻകുട്ടി എന്നിവയ്ക്ക് 50% സബ്സിഡിയും, 5 കോഴിക്കുഞ്ഞുങ്ങളടങ്ങിയ യൂണിറ്റിന് 100% സബ്സിഡി പരമാവധി 600/- രൂപയും(5യൂണിറ്റിന് 3000/-രൂപ) പച്ചക്കറി വിത്ത്, ട്യൂബർകിറ്റ് എന്നിവയ്ക്ക് 100% സബ്സിഡിയുമാണ് അനുവദനീയം. എന്നാൽ മേൽ പദ്ധതിയിൽ സബ്സിഡിയിനത്തിൽ ആകെ 14900/- (6000+4900+600x5+500+500) രൂപ അനുവദിക്കുന്നതിനു പകരം 24800/- രൂപയും (26050-1250) സബ്സിഡിയായി നല്കിയിരിക്കുകയാണ്. ഒരു വ്യക്തിക്ക് സബ്സിഡിയിനത്തിൽ 9900/- രൂപ വീതം 114 വ്യക്തികൾക്ക് ആനുകൂല്യം നല്കുന്നതിന് 1128600/- രൂപ അധികം ചെലവഴിച്ചു. വികസന ഫണ്ടിനത്തിൽ വകയിരുത്തിയിരുന്ന തുക ചെലവഴിക്കുകയല്ലാതെ കാർഷിക മേഖലയിലെ വിവിധ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുകയോ എം.ജി.എൻ.ആർ.ഇ.ജി.എസ്സുമായി സംയോജിച്ച് തൊഴുത്ത്, കോഴിക്കൂട് എന്നിവ നിർമ്മിച്ചു നല്കുകയോ ചെയ്തിട്ടില്ല.

കൃഷി, കന്നുകാലി വളർത്തൽ, മത്സ്യകൃഷി എന്നിവ ഉൾപ്പെടുത്തിയുള്ള സംയോജിത കൃഷിക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം സബ്സിഡി നിരക്കുകളും നിർവ്വഹണത്തിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും അനുമതിയും പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ തൊഴിലുറപ്പുപദ്ധതിയുടെ സംയോജന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും നിശ്ചയിച്ചിരിക്കെ മേൽ പദ്ധതി നൂതന പദ്ധതിയായി അധിക സബ്സിഡി നൽകി നടപ്പിലാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കണമെന്നറിയിച്ചു നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കർഷകയ്ക്കൊരു കൈത്താങ്ങ് പദ്ധതിയിൽ സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ലെന്നും, നൂതന പ്രോജക്ടാണെങ്കിലും ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കിമാത്രമേ നടപ്പാക്കാൻ സാധിക്കയുള്ളുവെന്നും നിലവിലെ സെക്രട്ടറി, ഭരണസമിതിയെ ബോധ്യപ്പെടുത്തിയിട്ടുള്ളതും ടി പദ്ധതി നിർവ്വഹണം നടത്തണമെന്ന ഭരണസമിതി നിർദ്ദേശത്തോട് രേഖാമൂലം വിയോജനം രേഖപ്പെടുത്തിയിട്ടുള്ളതായി അറിയിക്കുകയും, വിയോജനം രേഖപ്പെടുത്തിക്കൊണ്ടുള്ള കമ്മിറ്റി 17-10-24 തീയതിയിലെ IV/2ാം നം കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ സെക്രട്ടറി കേരളാ പഞ്ചായത്ത് രാജ് ആക്ട് ചട്ടം 182(iii) പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചില്ല.

സബ്സിഡി മാർഗ്ഗരേഖയിലുള്ള ഇനങ്ങളുടെ സബ്സിഡി നിരക്കുകൾ വർദ്ധിപ്പിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതി നൂതന പദ്ധതിയായി ഏറ്റെടുത്തു നടപ്പിലാക്കുകയാണ് നിലവിൽ ബ്ലോക്ക് പഞ്ചായത്ത് ചെയ്തിട്ടുള്ളത്. പദ്ധതി-സബ്സിഡി മാർഗ്ഗരേഖകളിലും 25-6-24 ലെ ഡി.എ.1.256/24 ത.സ്വ.ഭ.വ സർക്കുലറിലും ഘടക സ്ഥാപനങ്ങൾ അല്ലാത്തവയ്ക്കു വേണ്ടിയും ചുമതലയിൽപ്പെടാത്തവയ്ക്കു വേണ്ടിയും തുക ചെലവഴിക്കരുതെന്ന് വ്യക്തമാക്കിയിരിക്കെ, ചുമതലയിൽപ്പെടാത്ത പദ്ധതി നൂതന പദ്ധതിയായി നടപ്പിലാക്കി അധിക സബ്സിഡി നല്കിയിരിക്കുന്നതിനാൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച തുക 24,35,268/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ – 12/4-11-25

തടസ്സപ്പെടുത്തുന്ന തുക- 24,35,268/- രൂപ

1-15 ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ട് നവീകരണം

അടങ്കൽ തുക -1091800/-മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്

ചെലവഴിച്ച തുക- 194000/-.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട് നവീകരണം എന്ന മേൽ പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ട് നവീകരിക്കുന്നതിനും പുതിയ വെഹിക്കിൾ ഷെഡ് കം ഓപ്പൺ ആഡിറ്റോറിയം നിർമ്മിക്കുന്നതിനും, പുതിയ ഇന്റർലോക്കിംഗ്, മഹാത്മാഗാന്ധി പ്രതിമ, ഫ്ലാഗ് പോസ്റ്റ് എന്നിവ സ്ഥാപിക്കുന്നതിനുമായി 1091800/- രൂപ മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് വകയിരുത്തി തൻവർഷം മൊബിലൈസേഷൻ അഡ്വാൻസായി 194000/- രൂപ നിർമ്മിതി കേന്ദ്രം കൊല്ലത്തിന് നല്കിയിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനും കൈമാറിയ ആസ്തികളുടെ മെയിന്റനൻസിനുമാണ് നോൺറോഡ് മെയിന്റനൻസ് തുക ചെലവഴിക്കേണ്ടത്. ബ്ലോക്ക് പഞ്ചായത്തുകളുടെ ഓഫീസ് അറ്റകുറ്റപ്പണിക്ക് മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്തുക ചെലവഴിക്കാമെന്നും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളായാൽ പോലും സ്ഥാപനങ്ങളുടെ മോടിപിടിപ്പിക്കൽ, ക്ലാഡിംഗ് പ്രവൃത്തികൾ മുതലായവയ്ക്ക് തുക ചെലവഴിക്കരുതെന്നും മെയിന്റനൻസ്ഗ്രാന്റിന്റെ വിനിയോഗ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ബ്ലോക്ക്പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട് നവീകരിക്കുന്നതിനും, പുതിയ വെഹിക്കിൾ ഷെഡ് കം ഓപ്പൺ ആഡിറ്റോറിയം നിർമ്മിക്കുന്നതിനും, പുതിയ ഇന്റർലോക്കിംഗ്, മഹാത്മാഗാന്ധി പ്രതിമ, ഫ്ലാഗ് പോസ്റ്റ് എന്നിവ സ്ഥാപിക്കുന്നതിനുമായുള്ള പദ്ധതിക്ക് മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് വകയിരുത്തിയതിന്റെ കാരണം

വ്യക്തമാക്കണമെന്നറിയിച്ചു നല്കിയ എൻക്വയറിക്ക് മറുപടിയായി ബ്ലോക്ക് പഞ്ചായത്തോഫീസ് കോമ്പൗണ്ടിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, പട്ടികജാതി വികസന ഓഫീസറുടെ കാര്യാലയം, കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് എന്നിവ പ്രവർത്തിക്കുന്നതായും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേതുൾപ്പെടെയുള്ളവയുടെ യോഗങ്ങൾ നടത്തുന്നതിനാണ് ഷീറ്റുകൾ ഇളകിയും കമ്പി ദ്രവിച്ചും ഉപയോഗശൂന്യമായിരുന്ന വെഹിക്കിൾ ഷെഡ്ഡ് വെഹിക്കിൾ കം ഓപ്പൺ ഓഡിറ്റോറിയമാക്കി മാറ്റുന്നതിന് മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് ഫണ്ട് ഉപയോഗിച്ചതെന്നുമാണ് അറിയിച്ചിട്ടുള്ളത്. ജി.ഒ(പി)90/23 എൽ.എസ്.ജി.ഡി 9-4-23ലെ നിർദ്ദേശങ്ങൾ പാലിച്ചു മാത്രം മെയിന്റനൻസ് ഫണ്ട് പദ്ധതികൾക്ക് വകയിരുത്തേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി- 12/14.11.2025

1-16 പത്രപരസ്യം - ഡിസ്കൗണ്ട് ലഭിച്ചില്ല

സർക്കാർ വകുപ്പുകളും, അനുബന്ധ സർക്കാർ അർദ്ധസർക്കാർ വകുപ്പുകളും പി.ആർ.ഡി. മുഖാന്തിരമോ അല്ലാതെ നേരിട്ടോ പ്രസിദ്ധീകരണത്തിന് നൽകുന്ന എല്ലാ പരസ്യങ്ങൾക്കും 15% ഡിസ്കൗണ്ട് ബാധകമാണെന്ന് 11.10.2021-ലെ സ.ഉ.(അച്ചടി)നമ്പർ 5/21/ഐ& പി.ആർ.ഡി. യുടെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പത്രപരസ്യത്തിന്റെ ചെലവുകളുടെ ഇൻവോയ്സ് ബില്ലുകളിൽ നിന്നും ലഭിക്കേണ്ട അർഹമായ ഡിസ്കൗണ്ട് (15% കിഴിവ്) ലഭിച്ചിട്ടില്ല.

ക്രമ നമ്പർ	വൗച്ചർ നമ്പർ/ ചെക്ക് നമ്പർ	ഇൻവോയിസ് നമ്പർ/ തീയതി, പത്രം	തുക (ജിഎസ്ടി ഉൾപ്പെടെ)	ലഭ്യമാകേണ്ട ഡിസ്കൗണ്ട്
1.	90/24-25 -10/24 6617442/19.10.24	MDT734/2024-25/14.08.24 8X7 – 56cm2-6720+GST-മംഗളം പബ്ലിക്കേഷൻ പ്രൈവറ്റ് ലിമിറ്റഡ്	7056/-	6720X15% =1008/-
2.	154/24-25-2/25	321000125239/02.01.20-13860/- 8X6 – 48cm2-13200+GST 321000125240/14.02.20-11550/- 8X5 – 40cm2-11000+GST മാതൃഭൂമി ദിനപത്രം	25410/-	24200X15% =3630/-
		ആകെ		4638/-

പത്രപരസ്യത്തിന്റെ ചെലവുകളിൽ നിന്നും ലഭിക്കേണ്ട 15% കിഴിവ് 4638/- (1008+3630) രൂപ മേല്പറഞ്ഞ പത്ര സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പത്രപരസ്യത്തിന്റെ ചെലവുകളിൽ നിന്നും ലഭിക്കേണ്ട 15% കിഴിവ് 4638/- രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി – 6/03.11.2025

1-17 മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു

2024-2025 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, കുളക്കട നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ മുഖേന മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിലേക്ക് നൽകിയ തുകയിൽ 460391/- രൂപയുടെ മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കാൻ ശേഷിക്കുന്നു.

1. സി.എച്ച്.സിയ്ക് മരുന്നു വാങ്ങൽ

പ്രോജക്ട് നമ്പർ	എസ്.039/2024-2025	
പേര്	സി.എച്ച്.സിയ്ക് മരുന്നുവാങ്ങൽ	
ഫണ്ട്	അടങ്കൽ	ചെലവ്
മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്	12,00,000/- രൂപ	12,00,000/- രൂപ
ബിൽ	24040163065100938181/23.11.2024	10,83,704/- രൂപ
	24040163065100938183/23.11.2024	1,16,296/- രൂപ
പി.ആർ എഎഫ് നമ്പർ	2152/22.11.2024 – 12,00,000/- രൂപ	

ഈ പ്രോജക്ടിൽ പാലിയേറ്റീവ് രോഗികൾക്ക് മരുന്ന് വാങ്ങുന്നതിലേക്കായി 12,00,000/- രൂപ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. അതിൽ 3,70,445/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ

ശേഷിക്കുന്നു.

2. സെക്കന്ററി പാലിയേറ്റീവ്

പ്രോജക്ട് നമ്പർ	എസ്.0041/2024-2025	
പേര്	സെക്കന്ററി പാലിയേറ്റീവ്	
വികസന ഫണ്ട്	7,00,000/- രൂപ	668789/- രൂപ

ഈ പ്രോജക്ടിൽ പാലിയേറ്റീവ് രോഗികൾക്ക് മരുന്നുകളും ഉപകരങ്ങളും വാങ്ങുന്നതിലേക്കായി ബിൽ നമ്പർ 20403065101621173/18.12.2024 പ്രകാരം 305899/- രൂപ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. അതിൽ 89,946/- രൂപയുടെ മരുന്നുകൾ, ഉപകരണങ്ങൾ ലഭ്യമാകാൻ ശേഷിക്കുന്നു.
മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ആയതിനാൽ ലഭ്യമാക്കാൻ ശേഷിക്കുന്ന മരുന്നുകളുടെ വില 460391/- (3,70,445+89,946) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ -8/3.11.2025
തടസ്സപ്പെടുത്തുന്ന തുക – 460391/- രൂപ

1-18 ഐ.എ.വൈ വായ്പ തിരിച്ചടവ്

വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് 14-3-13ലെ 90/13/തസ്വഭവ നം. ഉത്തരവ് പ്രകാരം വെട്ടിക്കവല സർവീസ് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിൽ നിന്ന് 1,60,25,652/- രൂപ ഐ.എ.വൈ. ധന സഹായത്തിനായി വായ്പ സ്വീകരിച്ചിരുന്നു. പ്രസ്തുത ലോണിന്റെ മുതൽ പത്ത് വർഷം കൊണ്ട് നിശ്ചിത ഗഡുക്കളായി ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ വകയിരുത്തി തിരിച്ചടക്കണം, പലിശയിൽ 10.75% സർക്കാരും 3.75% ബ്ലോക്ക് പഞ്ചായത്തും അടവാക്കണം എന്നതായിരുന്നു വ്യവസ്ഥ. എന്നാൽ വായ്പയുടെ പലിശയായി 76,45,919/- രൂപയും 174/- രൂപ മുതലുമാണ് 2023-24 വരെ അടവാക്കിയിരുന്നത്. കരാർ പ്രകാരം വായ്പയുടെ കാലാവധി 10-5-23 ൽ അവസാനിച്ചിരുന്നു. 15/9/23 ലെ വെട്ടിക്കവല സർവീസ് സഹകരണ ബാങ്കിലെ സ്റ്റേറ്റ്മെന്റ് പ്രകാരം 1,60,25,478/- രൂപ മുതൽ ഇനത്തിലും, അന്നേ വരെയുള്ള പലിശയും ഉൾപ്പെടെ 3,22,15,170/- രൂപ ഒടുക്കുവാൻ അവശേഷിക്കുന്നു. മുൻകാല വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി തുക യഥാസമയം ഒടുക്കു വരുത്താതിരുന്നതു മൂലമാണ് ബ്ലോക്ക് പഞ്ചായത്തിന് വൻ ബാധ്യതയായി ലോൺ തുക മാറിയിട്ടുള്ളത്.
തൻവർഷം 179/25 ഐ.എ.വൈ ഭവനനിർമ്മാണ പദ്ധതി വായ്പാ തിരിച്ചടവ് എസ്.സി എന്ന പദ്ധതി വഴി 74,00,000/- രൂപ ബാങ്കിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. മുൻവർഷ റിപ്പോർട്ടുകളിലും മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് നിർദ്ദേശം ഉണ്ടായിട്ടുണ്ട്. ബാധ്യത തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

1-19 ടാർ-കാലി ബാരൽ വില തനത് ഫണ്ടിൽ ഒടുക്കി

ധനകാര്യ വകുപ്പിന്റെ 03.10.2024 ലെ Insp Tech/1/512/2024 Fin. നമ്പർ നോട്ട് പ്രകാരം ടാർ വാങ്ങുന്നതിന് തുക ഏത് ഫണ്ടിൽ നിന്നാണോ ചെലവായത് ആ ഫണ്ടിലേക്ക് കാലി ബാരലിന്റെ വില അടവാക്കേണ്ടതാണ്. 2024-25 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടിൽ നിന്നും ഈടാക്കിയ കാലി ബാരലിന്റെ വില തനത് ഫണ്ടിലാണ് അടവാക്കിയത്.

ക്രമ നമ്പർ	പ്രോജക്ടിന്റെ പേര്, അടങ്കൽ	ഫണ്ട്	ചെലവ് തുക/ബിൽ നമ്പർ	കാലി ബാരൽ എണ്ണം/ വില	കാലി ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് അടവാക്കിയത് ബാരൽ വില + ജിഎസ്ടി (രൂപ)
1	പിണറ്റിൻമുകൾ ജംഗ്ഷൻ കിഴക്കേലമ്പലം റോഡ് -ഉമ്മന്നൂർ ഗ്രാമ പഞ്ചായത്ത് S0055/2025	CFC അടിസ്ഥാന വിഹിതം -1295748/-	Sanction Order No.437/11.2.25-567945/-)	24	6741/-

കാലി ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് അടവാക്കിയതിലെ ജി.എസ്.ടി കിഴിച്ചുള്ള തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 5/03.11.2025

1-20 കാലി ബാരലിന്റെ വില ഈടാക്കിയില്ല

റോഡ് മെയിന്റനൻസ് പ്രവൃത്തിയ്ക്ക് കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ എന്നിവയ്ക്ക് പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് കരാറുകാരന് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച പാക്ക്ഡ് ബിറ്റുമിൻ/ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് ധനകാര്യ പരിശോധന വിഭാഗം 03.10.24 InspTech-1/512/2024-FIN നോട്സ് പ്രകാരം എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടർക്ക് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. തൻവർഷം താഴെപ്പറയുന്ന ടാറിംഗ് പ്രവൃത്തികൾക്കായി ഉപയോഗിച്ച കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

ക്രമ നം.	പ്രവൃത്തി	അടങ്കൽ തുക	കരാറുകാരൻ	കരാർ തുക	ചെലവ്	ബിൽ നമ്പർ, തുക	ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ (കി.ഗ്രാം.)	ബാരലുകളുടെ എണ്ണം	ബാരലുകളുടെ വിലയായി ഈടാക്കേണ്ട തുക
1	കോട്ടവട്ടം മടന്തക്കുഴി നരിക്കൽ റോഡ് – വെട്ടിക്കവല ഗ്രാമ പഞ്ചായത്ത് S00 86/25 M Book File No.35070/2024	1310700/- രൂപ (വികസന ഫണ്ട് എസ് സിപി)	ശ്രീ. അരുൺ സഹദേവൻ	1113878/- രൂപ	1286204/- രൂപ	ബിൽനം. BRN -240401630 65400323155- 24.62.24 -	1344/- രൂപ	9	2528/- രൂപ
2.	കാക്കത്താനം കോതുവിള റോഡ് ടാറിംഗ് ഉമ്മന്നൂർ ഗ്രാമ പഞ്ചായത്ത് 88/2025 16172/2023-24	1300000/- രൂപ (വികസന ഫണ്ട് എസ് സിപി)	ശ്രീ. പ്രസാദ്. ആർ	1101443/- രൂപ	12955980/- രൂപ	ബിൽനം. BRN -2404016306 5400203515- 09.05.2024	5460/- രൂപ	35	9825/- രൂപ

കാലി ബാരൽ വില ഈടാക്കി ജി.എസ്.ടി കിഴിച്ചുള്ള തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടയ്ക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 5/03.11.2025

1-21 പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരമായി പിഴ ഈടാക്കിയില്ല

മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിന് അനുവദനീയമായ കാലയളവിന് ശേഷമുള്ള കാലതാമസത്തിന് ഓരോ ആഴ്ചയിലും കരാർ തുകയുടെ 0.1% നിരക്കിൽ നഷ്ടപരിഹാരമായി ഈടാക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ ഒരു പ്രവൃത്തിയുടെ പൂർത്തീകരണത്തിന് അനുവദനീയമായ കാലയളവിന് ശേഷമുള്ള കാലതാമസത്തിന് ഓരോ ആഴ്ചയിലും കരാർ തുകയുടെ 0.1% നിരക്കിൽ നഷ്ടപരിഹാരമായി ഈടാക്കണമെന്നും ആയതിന്റെ പരമാവധി കരാർ തുകയുടെ 10% ആയിരിക്കുമെന്നും കേരള പൊതുമരാമത്ത് മാന്വൽ (G.O (P)13/2012 PWD/01.12.2012 സെക്ഷൻ 2116.1(1) ൽ നിബന്ധനയുണ്ട്. 2.4.24ലെ ജി.ഒ.(എം.എസ്.)നം. 21/24പി.ഡബ്ല്യു.ഡി.ഉത്തരവിലും ഇത് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണത്തിന് അനുവദനീയമായ കാലയളവിന് ശേഷമുള്ള കാലതാമസത്തിന് ഓരോ ആഴ്ചയിലും കരാർ തുകയുടെ 0.1% നിരക്കിൽ നഷ്ടപരിഹാരമായി ഈടാക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് ന്റെ പേര്/നമ്പർ	കോട്ടവട്ടം മടന്തക്കുഴി നരിക്കൽ റോഡ് – വെട്ടിക്കവല ഗ്രാമ പഞ്ചായത്ത് S00 86/25
അടങ്കൽ തുക/ഫണ്ട്	1310700/- വികസന ഫണ്ട് എസ് സിപി)

കരാറുകാരൻ	ശ്രീ. അരുൺ സഹദേവൻ
കരാർ തുക	1113178/- രൂപ
എഗ്രിമെന്റ് നം/തീയതി	45/AE/Lsgd/VTB/2022-23 15.02.2023
ബിൽ നം./തീയതി, തുക	ബിൽ നം.BRN -240401630654003231 55- 24.06.2024
ഇ-എം. ബുക്ക് നമ്പർ	M Book File No.35070/2024
സൈറ്റ് കൈമാറിയ തീയതി	20.02.2023
പ്രവൃത്തി ആരംഭിച്ച തീയതി	20.02.2023
പൂർത്തീകരണ കാലയളവ്	6 മാസം
പൂർത്തീകരിയ്ക്കേണ്ട തീയതി	14.08.2023
പൂർത്തീകരിച്ച തീയതി	23.03.2024 (ആദ്യ എക്സ്റ്റെൻഷൻ 13.11.2023 വരെ നല്കിയിട്ടുണ്ട്. - ഫൈൻ ഒഴിവാക്കിയതായി സൂചിപ്പിച്ചിട്ടില്ല) തുടർന്ന് 12.02.2024 വരെയും, 11.05.2024 വരെയും പ്രവൃത്തി നീട്ടി നല്കിയതിന് ഫൈൻ ഒഴിവാക്കിയതായി സൂചിപ്പിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.
വൈകിയ കാലയളവ്	131 ദിവസങ്ങൾ (13.11.2024 ന് ശേഷം)
അടവാക്കേണ്ട പിഴ (1113878X.1/100)X(131/7)	20845/- രൂപ

പ്രവൃത്തി നീട്ടിനല്കിയതിന് ഫൈൻ ഒഴിവാക്കിയതായി സൂചിപ്പിക്കുകയോ പിഴ ഈടാക്കുകയോ ചെയ്യാത്തതിന് വിശദീകരണമാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ – 5/03.11.2025) മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-22 ഇൻഷുറൻസ് പോളിസി സമർപ്പിക്കാത്ത കരാറുകാരിൽ നിന്ന് ഫൈൻ ഈടാക്കിയില്ല

സർക്കാർ ഉത്തരവ് (ജി.ഒ.(പി.)നം.3/2017/പി.ഡബ്യു.ഡി./09.08.2017) ലെ നിബന്ധനകളിൽ പന്ത്രണ്ടായി കരാറുകാരൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് പോളിസി എടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കരാറുകാരന്റെ ലെറ്റർ ഓഫ് അക്സപ്റ്റൻസ് ലെ ആറാം നിബന്ധനയിൽ കരാറുകാരൻ, കരാർ തുകയുടെ 0.5% ശതമാനം ഏറ്റവും കുറഞ്ഞത് 2,00,000/- ലക്ഷം രൂപയുടെ ഇൻഷ്വറൻസ് എടുക്കാത്ത പക്ഷം കരാർ തുകയുടെ 0.2% തുക ഫൈൻ ആയി ബില്ലിൽ നിന്നും കിഴിച്ച് മാത്രമേ തുക അനുവദിയ്ക്കുകയുള്ളൂ. താഴെപ്പറയുന്ന പദ്ധതികളിൽ കരാറുകാർ ഇൻഷ്വറൻസ് പോളിസികൾ എടുത്തതായി രേഖയില്ല. ഇൻഷ്വറൻസ് എടുക്കാത്ത കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1.

പ്രോജക്ടിന്റെ പേര്,നമ്പർ	ഊന്നൽ കല്ല് ഡീസന്റ് ജംഗ്ഷൻ റോഡ് കോൺക്രീറ്റ് – മൈലം പഞ്ചായത്ത് എസ്ഒ 89/25
അടങ്കൽ തുക	(വികസന ഫണ്ട് എസ് സിപി) – 540174/- രൂപ
കരാറുകാരൻ	ശ്രീ. പ്രസാദ് ആർ
എഗ്രിമെന്റ് നം/തീയതി	15/AE/ LSGD VTB/23-24/17.01.24
ബിൽ നം./ ചെക്ക് നം./ തീയതി, തുക	CC First &Part Bill -541074/-BRN 240401630654002035 15/9.5.24
ഇഎം. ബുക്ക് നമ്പർ	9084.9/23
എഗ്രീഡ് പി.എ.സി.	463118/-രൂപ
ഈടാക്കേണ്ട തുക	926/-രൂപ
ഈടാക്കിയ തുക	-
ഈടാക്കാൻ ശേഷിക്കുന്ന തുക	926/-രൂപ

2.

പ്രോജക്ടിന്റെ പേര്, നമ്പർ	കാക്കത്താനം കോതുവിള റോഡ് ടാറിംഗ് ഉമ്മന്നൂർ ഗ്രാമ പഞ്ചായത്ത് 88/2025
അടങ്കൽ തുക	1300000/- (വികസന ഫണ്ട് എസ് സിപി)

കരാറുകാരൻ	ശ്രീ. പ്രസാദ് ആർ
എഗ്രിമെന്റ് നം/തീയതി	16/AE/ LSGD VTB/23-24/27.01.24
ബിൽ നം./ ചെക്ക് നം./ തീയതി, തുക	ബിൽനം.BRN -24040163065400203515- 09.05.2024 12955980/- രൂപ
ഇഎം. ബുക്ക് നമ്പർ	16172/2023-24
എഗ്രീഡ് പി.എ.സി	1101443/- രൂപ
ഈടാക്കേണ്ട തുക	2203/- രൂപ
ഈടാക്കിയ തുക	-
ബാക്കി ഈടാക്കേണ്ട തുക	2203/- രൂപ

3.

പ്രോജക്ടിന്റെ പേര്, നമ്പർ	കോട്ടവട്ടം മടന്തക്കുഴി നരിക്കൽ റോഡ് – വെട്ടിക്കവല ഗ്രാമ പഞ്ചായത്ത് S00 86/25
അടങ്കൽ തുക	വികസന ഫണ്ട് (എസ് സിപി)
കരാറുകാരൻ	ശ്രീ. അരുൺ സഹദേവൻ
എഗ്രിമെന്റ് നം/തീയതി	46/AE/ LSGD VTB/22-23/15.02.23
ബിൽ നം./ ചെക്ക് നം./ തീയതി, തുക	ബിൽ നം.BRN -24040163065400323155- 24.06.2024- 1310700/-
ഇഎം. ബുക്ക് നമ്പർ	35070/22
എഗ്രീഡ് പി.എ.സി	1113178/- രൂപ
ഈടാക്കേണ്ട തുക	2226/- രൂപ
ഈടാക്കിയ തുക	-
ബാക്കി ഈടാക്കേണ്ട തുക	2226/- രൂപ

ഇൻഷുറൻസ് പോളിസി എടുക്കാത്ത മേല്പറഞ്ഞ കരാറുകാരിൽ നിന്നും 5355/- രൂപ (926+2203+2226) രൂപ ഈടാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ – 5/03.11.2025

1-23 ഭരണസമിതിയോഗങ്ങളുടെ കരട് മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ല

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26(8) പ്രകാരം യോഗ നടപടിക്രമങ്ങളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്നു ദിവസത്തിനുള്ളിൽ അദ്ധ്യക്ഷന്റെ (പ്രസിഡന്റിന്റെ) അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്. ചട്ടം 26(9) പ്രകാരം യോഗ നടപടിക്രമങ്ങളുടെ നക്കൽ അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് വസ്തുതാപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ച് നല്കേണ്ടതും, ചട്ടം 26(10) പ്രകാരം അദ്ധ്യക്ഷൻ അംഗീകരിച്ച യോഗനടപടിക്കുറിപ്പ് ലഭിച്ചാലുടൻ തന്നെ അത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതും ആയതിന്റെ പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഭരണസമിതി യോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ (സകർമ്മ മിനിട്സ്) കരട് മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ല എന്ന് കണ്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

യോഗ തീയതി	**സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി**	**അദ്ധ്യക്ഷൻ അംഗീകരിച്ച തീയതി**
30.04.24	03.10.24	03.10.24
27.5.24	03.10.24	03.10.24

15.06.24	15.10.24	15.10.24
30.07.24	08.10.24	08.10.24
07.08.24	03.10.24	03.10.24
10.09.24	27.03.25	27.03.25
17.10.24	27.03.25	27.03.25
15.11.24	27.03.25	27.03.25
31.12.24	29.03.25	29.03.25
21.01.25	22.04.25	22.04.25
13.02.25	22.5.25	22.5.25
18.03.25	21.04.25	21.04.05

മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്തിലെ കാലതാമസത്തിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ബ്ലോക്ക് പഞ്ചായത്ത് യോഗ നടപടിക്രമങ്ങളുടെ കരട് മിനിട്ട്സ് സമയബന്ധിതമായി തയ്യാറാക്കി അദ്ധ്യക്ഷന്റെ അംഗീകാരം വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ -11/03.11.25

1-24 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നു

2024-2025 സാമ്പത്തിക വർഷം സി.ഡി.പി.ഒ, ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത ശലഭം എന്ന പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട്നമ്പർ	എസ്.133/2024-2025	
പേര്	ശലഭം	
ഫണ്ട്	അടങ്കൽ	ചെലവ്
വികസന ഫണ്ട്	17,47,962	15,24,782
ബിൽ നമ്പർ, തീയതി	24040163065200687848/20.09.2024	46,228
	24040163065200840402/29.01.2024	12,950
	24040163065200840339/29.102024	3,36,000
	24040163065200848053/ 01.11.2024	59,220
	24040163065201066792/19.12.2024	1,96,000
	24040163065201166482/13.01.2025	3,68,060
	24040163065201141590 6/11.01.2025	4,91,825
	24040163065101592717/19.03.2025	14,589

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതി ചെയ്യുന്ന അംഗൻവാടികളെ സ്മാർട്ട് സെറ്റിംഗ് സംവിധാനത്തോടെയുള്ള അംഗൻവാടികളാക്കാനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.
1. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 172 (1) നാലാം പട്ടികയിലെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ ഭാഗം ബി- XI പ്രകാരം ഐ.സി.ഡി.എസ്സുകൾ പരിപാലിക്കുക എന്നതാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകൾ. എന്നാൽ ഈ പ്രോജകട് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ചുമതല (വകുപ്പ് 166 പട്ടിക 3 ൽ പരാമർശിക്കുന്ന മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ) യിൽപ്പെടുന്ന പ്രവൃത്തി ഏറ്റെടുത്തു നടപ്പിലാക്കിയിരിക്കുന്നു.
2. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള 19.04.2022 തീയതിയിലെ സർക്കാർ ഉത്തരവ്(കൈ) നം.84/2022 തസ്വഭവ നമ്പർ മാർഗ്ഗരേഖയിലെ ഖണ്ഡിക 8.8.2 (2) ഗ്രാമ പഞ്ചായത്തുകളുടെ അനുമതിയോടെ ബ്ലോക്ക് പഞ്ചായത്തിന് കെട്ടിടവും സ്ഥലവും ലഭ്യമാക്കാവുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നത് ഗ്രാമ പഞ്ചായത്തിന്റെ ചുമതലയാണ്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സബ്സിഡി ധനസഹായം അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച 28.05.2022 തീയതിയിലെ സർക്കാർ ഉത്തരവ്(കൈ) നം.115/2022 തസ്വഭവ നമ്പർ മാർഗ്ഗരേഖയിലും ഇത്തരം പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് അനുവദിച്ചിട്ടില്ല. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 25.6.2024ലെ ഡിഎ 1/256/2024നം സർക്കുലറിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾ അവയുടെ ചുമതലയിലില്ലാത്തവയ്ക്കായി

പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തരുതെന്നും ഫണ്ട് വിനിയോഗിക്കരുതെന്നും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മേൽ പ്രോജക്ട് നടപ്പാക്കാൻ സർക്കാറിന്റെ മുൻകൂർ അനുമതി ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാനും മേൽ പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കാനുള്ള സാഹചര്യം വിശദമാക്കാൻ താല്പര്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നമ്പർ 10/03.11.2024 ന് 6 പഞ്ചായത്തുകളിൽ നിന്നും എൻ.ഒ.സി വാങ്ങിയാണ് പ്രോജക്ടിന് അംഗീകാരം വാങ്ങിയത് എന്നും 6 പഞ്ചായത്തുകളിലെയും പ്രസിഡന്റ്മാർ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾ, ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ എന്നിവരുമായുള്ള ചർച്ചയിലൂടെയാണ് ഈ പ്രോജക്ട് നടപ്പിലാക്കിയത് എന്നും ഗ്രാമ പഞ്ചായത്തുകൾ ഈ പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല എന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവുകൾക്കും സർക്കുലറിനും വിരുദ്ധമായി പ്രോജക്ട് നടപ്പാക്കിയതിനാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ പ്രോജക്ടിനായി ചെലവ് ചെയ്ത 15,24,782 രൂപയുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു.

തടസ്സം-15,24,782 രൂപ

ഓഡിറ്റ് എൻക്വയറി- 10/03.11.2024

1-25 ഹെൽത്ത് ഗ്രാന്റ് അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചു വരുന്നു. 2021-2026 കാലയളവിലാണ് ഇപ്രകാരം ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നത്. 2021-2022 മുതൽ 2024-2025 വർഷം വരെ ബ്ലോക്ക് പഞ്ചായത്തിന് പലിശ ഉൾപ്പെടെ ആകെ 55,63,617/- രൂപ ലഭ്യമായെങ്കിലും 34 ശതമാനം മാത്രമാണ് ഗ്രാന്റ് തുക വിനിയോഗിച്ചിട്ടുള്ളത്. ഫിനാൻഷ്യൽ റിക്വയർമെന്റ് ഫോർ എസ്റ്റാബ്ലിഷിംഗ് ബ്ലോക്ക് പബ്ളിക് ഹെൽത്ത് യൂണിറ്റ് ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് 2021-2022, 2022-2023, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഇനം	ലഭിച്ച ഹെൽത്ത് ഗ്രാന്റ്					ആകെ	ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ്				ആകെ	ബാലൻസ്
		2021-2022	2022-2023	2023-2024	2024-2025	പലിശ		2021-2022	2022-2023	2023-2024	2024-2025		
1	Support For Diagnostic Infrastructure (Financial Requirement For Establishing Block Public Health Units)	0	2550000	0	2895000	118617	5563617	0	1289017	0	600000	1889017	3674600
2	Grant For Rural Health & Wellness Centres	0	0	0	0	0	0	0	0	0	0	0	0
3	Construction Of Building To Health Sub Centres	0	0	0	0	0	0	0	0	0	0	0	0
	ആകെ	**0**	**2550000**	**0**	**2895000**	**118617**	**5563617**	**0**	**1289017**	**0**	**600000**	**1889017**	**3674600**

സ്കീം 2 പ്രകാരം ലഭ്യമായ തുക ഉപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുണ്ട്.

ക്രമ നം	ഇനം	ചെലവഴിച്ച തുക				ആകെ
		2021-2022	2022-2023	2023-2024	2024-2025	
1	ലബോറട്ടറി ഉപകരണങ്ങൾ വാങ്ങൽ	-	8,00,000	-	-	8,00,000
2	ടെസ്റ്റ് റിസൽട്ടുകൾക്കായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ	-	489017	-	-	489017
3	മറ്റുള്ളവ (ജനറേറ്റർ) (സി.സി.ടി.വി സ്ഥാപിക്കുന്നതിന് 200000 രൂപ ചെലവ് സുലേഖയിൽ വന്നിട്ടുണ്ടെങ്കിലും ബാങ്കിൽ നിന്ന് തുക പിൻവലിച്ചിട്ടില്ല	-			600000	600000
	ആകെ	-	1289017	-	600000-	1889017

. Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ഗ്രാന്റ് ലഭിച്ചിട്ടില്ല

. Construction Of Building To Health Sub Centres എന്ന ഇനത്തിൽ തുക ലഭിച്ചിട്ടില്ല

ഹെൽത്ത് ഗ്രാന്റായി അനുവദിച്ച 55,63,617/- രൂപയിൽ 18,89,017/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 36,74,600 രൂപ ചെലവഴിക്കാൻ ബാക്കി നിൽക്കുന്നു. ചെലവ് 34%.

ഹെൽത്ത് ഗ്രാന്റ് മാർഗ്ഗ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച് ചെലവഴിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ സ.ഉ.(സാധാ) നം.178/2025/LSGD തീയതി, തിരുവന്തപുരത്തിന്റെ 18-01-2025 പ്രകാരം 2021-2022 ലെ ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം ബ്ലോക്ക് തലത്തിൽ പൊതുജനാരോഗ്യ യൂണിറ്റുകൾ ആരംഭിക്കുകയാണ് സ്കീമിന്റെ ലക്ഷ്യം. യൂണിറ്റിനോടനുബന്ധിച്ച് പബ്ലിക് ഹെൽത്ത് ലബോറട്ടറിയും ബ്ലോക്ക് HIMS (ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) സെല്ലും ആരംഭിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ സ്കീം 2 പ്രകാരമുള്ള ഹെൽത്ത് ഗ്രാന്റ് 2022-2023 സാമ്പത്തിക വർഷം മുതൽ ലഭിച്ചു തുടങ്ങി. പൊതുജനാരോഗ്യ യൂണിറ്റുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 2021-2022 വർഷം 25,50,000 രൂപയും 2024-2025 വർഷം 27,17,000 രൂപയും ആവർത്തന ചെലവുകൾക്ക് 1,78,000 രൂപയും ഉൾപ്പെടെ 28,95,000 രൂപയുമുൾപ്പെടെ ആകെ 55,63,617/- രൂപ ലഭ്യമായിട്ടുണ്ട്. ഈ ഇനത്തിൽ ലഭ്യമായ തുക 2024-2025 സാമ്പത്തിക വർഷത്തിൽ ജനറേറ്റർ വാങ്ങുന്നതിലേക്കും സി.സി.ടി.വി വാങ്ങുന്നതിലേക്കും ചെലവഴിച്ചുണ്ട്. ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്ക് മുഴുവൻ സമയവും വൈദ്യുതി ലഭ്യതയ്ക്കായാണ് ജനറേറ്റർ ലാബിന്റെ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള സി.എച്ച്.സിയുടെ പ്രവർത്തനത്തിനായിട്ടാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സി.സി.ടി.വി വാങ്ങുന്നതിലേക്കും തുക ചെലവഴിച്ചിരിക്കുന്നു.

ജനറേറ്റർ വാങ്ങൽ പ്രോജക്ടിൽ 10,10,100 രൂപ അടങ്കലിൽ 6,00,000 രൂപ ഹെൽത്ത് ഗ്രാന്റിൽ നിന്നും 3,59,104 രൂപ മെയിന്റനൻസ് ഗ്രാന്റിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. ജനറേറ്റർ സ്ഥാപിക്കൽ, സി.സി.ടി.വി സ്ഥാപിക്കൽ എന്നിവയ്ക്ക് വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ ഉൾപ്പെടെയുള്ള ഫണ്ടുകൾ വിനിയോഗിക്കാമെന്നിരിക്കെ ഹെൽത്ത് ഗ്രാന്റ് സ്കീം വിനിയോഗ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പ്രോജക്ട് ഏറ്റെടുത്തു. (സി.സി.ടി.വി സ്ഥാപിക്കൽ പ്രോജക്ടിന് സുലേഖ സ്റ്റേറ്റ്മെന്റിൽ 200000/- രൂപ ചെലവ് വന്നെങ്കിലും തുക ബാങ്കിൽ നിന്ന് പിൻവലിച്ചിട്ടില്ല).

2024-2025 വർഷം ഹെൽത്ത് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖയ്ക്ക് പരാമർശിക്കാത്ത പ്രോജക്ടുകളായ കുളക്കട സി.എച്ച്.സിയ്ക്ക് കിടക്ക വാങ്ങൽ, കോൺഫറൻസ് ഹാൾ നവീകരണം, എന്നീ പ്രോജക്ടുകൾ ആവിഷ്കരിച്ചെങ്കിലും സ്പിൽ ഓവറായി നിർവ്വഹണം നടത്താൻ പ്രോജക്ട് ചമച്ചിട്ടുണ്ട്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ടുകൾ നടപ്പാക്കുന്ന പ്രവണത അവസാനിപ്പിക്കേണ്ടതും അതാത് വർഷം അനുവദിക്കുന്ന ഹെൽത്ത് ഗ്രാന്റ് പൂർണ്ണമായും പദ്ധതി വിഭാവനം ചെയ്ത് മാർഗ്ഗരേഖയ്ക്ക്/സർക്കാർ ഉത്തരവിന് അനുസൃതമായി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ്

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (രൂപ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (രൂപ)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (രൂപ)	റിമാർക്സ്
31	186000	186000	-	-

(1-4-24 മുതൽ 31-3-25 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവർ ഒഴികെ)

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1-4-24 മുതൽ 30-6-24-നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതൽ അല്ലെങ്കിൽ 7/23 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ബാധകമല്ല					

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക്(1/7/24 മുതൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക₹	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക ₹	റിമാർക്സ്
ബാധകമല്ല				

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1/8/24 മുതൽ 31/3/25നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22മുതൽ അല്ലെങ്കിൽ 7/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക₹	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക₹	റിമാർക്സ്
ബാധകമല്ല					

മേൽ വിഷയം സംബന്ധിച്ച് എൻക്വയറി 2/30.10.2025 ന് മറുപടിയായി ഓഡിറ്റ് വർഷം വിവിധ കാലയളവുകളിലായി 31 ജീവനക്കാർ ജോലി ചെയ്തിട്ടുണ്ടെന്നും അവരിൽ നിന്ന് 186000/- രൂപ ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിലേക്ക് അടവാക്കിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2024-25	28.10.25, 29.10.25	കെ.എസ്.എ.കെ.എൽ.എം.പി.11/2387/2025/19.12.2025

4-3 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (രൂപ)	പ്രോജക്ടിന്റെ പേര്	ചെലവ് (രൂപ)	ബാലൻസ് (രൂപ)
ജില്ലാ പഞ്ചായത്ത്	2024-2025				-
ജില്ലാ പഞ്ചായത്ത്	2024-2025				-
ജില്ലാ പഞ്ചായത്ത്	2024-2025				-
ഗ്രാമ പഞ്ചായത്ത്	2024-2025				

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി നിർമ്മിതി കേന്ദ്രയ്ക്ക് 194000 രൂപ നൽകിയിട്ടുണ്ട്. വർഷാവസാനം പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ നൽകാത്തതിന്റെ വിവരം ചുവടെ സൂചിപ്പിക്കുന്നു.

ക്രമ നമ്പർ	ഏജൻസി/ കൺവീനറുടെ പേര്	പ്രവൃത്തിയുടെ പേര്	ചെക്ക് നമ്പർ	തുക	ക്രമീകരിച്ചത്	ബാക്കി
1	നിർമ്മിതികേന്ദ്ര	ബ്ലോക്ക് കോമ്പൌണ്ട് നവീകരണം	ലഭ്യമല്ല	194000/-	ലഭ്യമല്ല	ലഭ്യമല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് 14-3-13ലെ 90/13/തസ്വഭവ നം. ഉത്തരവ് പ്രകാരം വെട്ടിക്കവല സർവീസ് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിൽ നിന്ന് 1,60,25,652/- രൂപ ഐ.എ.വൈ. ധന സഹായത്തിനായി വായ്പ അനുവദിച്ചിരുന്നു. പ്രസ്തുത ലോണിന്റെ മുതൽ പത്ത് വർഷം കൊണ്ട് നിശ്ചിത ഗഡുക്കളായി ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ വകയിരുത്തി തിരിച്ചടക്കണമെന്നും പലിശയിൽ 10.75% സർക്കാരും 3.75% ബ്ലോക്ക് പഞ്ചായത്തും അടവാക്കണം എന്നതായിരുന്നു വ്യവസ്ഥ. എന്നാൽ വായ്പയുടെ പലിശയായി 76,45,919/- രൂപയും 174/- രൂപ മുതലുമാണ് 2023-2024 വരെ അടവാക്കിയിരുന്നത്. കരാർ പ്രകാരം വായ്പയുടെ കാലാവധി 10-05-2023 ൽ അവസാനിച്ചിരുന്നു. 15/09/2023 ലെ വെട്ടിക്കവല സർവീസ് സഹകരണ ബാങ്കിലെ സ്റ്റേറ്റ്മെന്റ്

പ്രകാരം 1,60,25,478/- രൂപ മുതൽ ഇനത്തിലും അന്നേവരെയുള്ള പലിശയും ഉൾപ്പെടെ 3,22,15,170/- രൂപ ഒടുക്കുവാൻ അവശേഷിക്കുന്നു. മുൻകാല വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി തുക യഥാസമയം ഒടുക്കുവരുത്താതിരുന്നതു മൂലമാണ് ബ്ലോക്ക് പഞ്ചായത്തിന് വൻ ബാധ്യതയായി ലോൺ തുക മാറിയിട്ടുള്ളത്. തൻവർഷം 179/25 ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി വായ്പാ തിരിച്ചടവ് എസ്.സി എന്ന പദ്ധതി വഴി 74,00,000/- രൂപ ഒടുക്കു വരുത്തിയിട്ടുണ്ട്.

4-6 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-7 സ്ഥിര നിക്ഷേപം

ഇല്ല.

4-8 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും	രസീത് നമ്പർ/ തീയതി
2018-2019	3-3	9800/-രൂപ	ഒസീലാ ബീവി	1737/29.04.2024

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഓഡിറ്റ് വർഷം	ഖണ്ഡിക നം.	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1998-99	-	2001-02	5.13(i)	പുത്തൂർ പ്രീ-മെട്രിക് ഹോസ്പിറ്റലിലെ അന്തേവാസികൾക്ക് കട്ടിലും, കസേരയും വാങ്ങി വിതരണം	LFAC 19-21 -50-ാമത് റിപ്പോർട്ട് അധ്യായം -3 ഒഴിവാക്കി
1998-99	-	2001-02	5.13(ii)	റഫറൻസ് ലൈബ്രറി വ്യാപനം	LFAC 19-21 -50-ാമത് റിപ്പോർട്ട് 50-ാമത് റിപ്പോർട്ട് അധ്യായം -3ഒഴിവാക്കി
1999-2000	28	2002-03	7.3(i)	ഗുണഭോക്തൃ കമ്മിറ്റി ചെലവ് അനുവദനീയമല്ല	LFAC 16-19 -18-ാമത് റിപ്പോർട്ട് അധ്യായം -3 ഒഴിവാക്കി
1999-2000	29	2002-03	7.3(ii)	അംഗൻവാടികൾക്ക് കെട്ടിട നിർമ്മാണം അധികച്ചെലവ് നിരാകരിക്കുന്നു	LFAC 16-19 -18-ാമത് റിപ്പോർട്ട് അധ്യായം -3 ഒഴിവാക്കി
1999-2000	35	2002-03	7.3(i Ii)	ഭൂരഹിത പട്ടിക വിഭാഗ പുനരധിവാസപദ്ധതി യോഗ്യതയില്ലാത്ത വ്യക്തിക്ക് ധനസഹായം നൽകി	LFAC 16-19 -18-ാമത് റിപ്പോർട്ട് അധ്യായം -3 ഒഴിവാക്കി
2007-08	3-22	2010-11	5.4.2	ഗവ. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി SGSRY പദ്ധതിയിൽ 31.3.08-ൽ അഡ്വാൻസ് നൽകി	-

4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ വരവില്ല.

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-11	62,160/-	ഡോ.ശോഭ., മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, കുളക്കട
1-12	7,88,579/-	ശ്രീമതി.ആശ,പട്ടികജാതി വികസന ഓഫീസർ, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്
1-13	23,00,000/-	ശ്രീ. സുജിത് കുമാർ.എസ്, സെക്രട്ടറി, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്
1-14	24,35,268/-	ശ്രീ. സുജിത് കുമാർ.എസ്, സെക്രട്ടറി, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്
1-17	4,60,391/-	ഡോ.ശോഭ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, കുളക്കട
1-24	15,24,782/-	ശ്രീമതി.ഉഷാറാണി.കെ.എസ്, ശിശുവികസന ഓഫീസർ
ആകെ	75,71,180/-	

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. സുജിത് കുമാർ.എസ്, സെക്രട്ടറി, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്	സെക്രട്ടറി, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്	സുജിത്ത് ഭവനം, ചെറുപൊയ്ക (പി.ഒ.), പവിത്രേശ്വരം
ഡോ.ശോഭ., മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, കുളക്കട	മെഡിക്കൽഓഫീസർ, സി.എച്ച്.സി, കുളക്കട	ഷൺമുഖപ്രിയം, മേരാനഗർ-31 എ, മുണ്ടയ്ക്കൽ, ഈസ്റ്റ് പി ഒ, കൊല്ലം
ശ്രീ. ശ്രീജിത്.എസ്. അസിസ്റ്റന്റ് എഞ്ചിനീയർ, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്	അസിസ്റ്റന്റ് എഞ്ചിനീയർ, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്	ശ്രീശൈലം, ആയൂർ (പി.ഒ)
ശ്രീമതി. ആശ.എസ് എസ്.സി.ഡി.ഒ (പട്ടികജാതി വികസന ഓഫീസർ), വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്	എസ്.സി.ഡി.ഒ (പട്ടികജാതി വികസന ഓഫീസർ), വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്	മഞ്ഞണിക്കിഴക്കേതിൽ, പാവുമ്പ സൌത്ത്(പി.ഒ) കരുനാഗപ്പള്ളി.
ശ്രീമതി.ഉഷാറാണി.കെ.എസ്, ശിശുവികസന ഓഫീസർ	വിരമിച്ചു	തെങ്ങഴികത്ത് വീട്, നെട്ടയം, പൂയപ്പള്ളി (പി.ഒ) കൊല്ലം

4-12 തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-1998	കെ.എസ്.എ.കെ.എൽ.എം.പി-11/31/2018/19.02.18	11
1998-1999	കെ.എസ്.എ.കെ.എൽ.എം.പി-11/31/2018/19.02.18	7

1999-2000	കെ.എസ്.എ.കെ.എൽ.എം.പി-11/31/2018/19.02.18	10
2003-2004	കെ.എസ്.എ.കെ.എൽ.എം.പി-11/31/2018/19.02.18	4
2004-2005	കെ.എസ്.എ.കെ.എൽ.എം പി-11/31/2018/19.02.18	9
2005-2006	കെ.എസ്.എ.കെ.എൽ.എം പി-11/31/2018/19.02.18	6
2006-2007	കെ.എസ്.എ.കെ.എൽ.എം പി-11/31/2018/19.02.18	8
2007-2008	എൽ.എഫ്.ക്യു.ഡി.ബി.1518(4)/14/08.07.14	9
2008-2009	എൽ.എഫ്.ക്യു.ഡി.ബി.1518(3)/14/08.07.14	10
2009-2010	എൽ.എഫ്.ക്യു.ഡി.ബി.1518(2)/14/08.07.14	12
2010-2011 & 2011-2012	കെ.എസ്.എ.കെ.എൽ.എം.പി-11/552/22/ അദാലത്ത്/ 2011-12/29.08.22	13
2012-2013 & 2013-2014	കെ.എസ്.എ.കെ.എൽ.എം.പി-11/1552/22/ അദാലത്ത്/2012-13 &2013-14 /29.08.22	5
2014-2015 & 2015-2016	കെ.എസ്.എ.കെ.എൽ.എം.പി11/1552/22/ അദാലത്ത്/ 2015-16/29.08.22	3
2016-2017	കെ.എസ്.എ.കെ.എൽ.എം.പി-11/1984/17/11.12.17	എല്ലാ ഖണ്ഡികകളും
2017-2018	കെ.എസ്.എ.കെ.എൽ.എം.പി-11/52/17/17.04.19	എല്ലാ ഖണ്ഡികകളും
2018-2019	കെ.എസ്.എ.കെ.എൽ.എം.പി-11/1034/2020/ 20.11.2020	എല്ലാ ഖണ്ഡികകളും
2019-2020	കെ.എസ്.എ.കെ.എൽ.എം.പി.11/176/2022/ 05.07.2022	എല്ലാ ഖണ്ഡികകളും
2020-2021	കെ.എസ്.എ.കെ.എൽ.എം പി.11/397/22 തീയതി 22/07/2022	എല്ലാ ഖണ്ഡികകളും
2021-2022	കെ.എസ്.എ.കെ.എൽ.എം പി.11/436/23 തീയതി 10/04/2023	എല്ലാ ഖണ്ഡികകളും
2022-2023	കെ.എസ്.എ.കെ.എൽ.എം പി.11/1571/23 , തീയതി 09/10/2023	എല്ലാ ഖണ്ഡികകളും
2023-2024	കെ.എസ്.എ.കെ.എൽ.എം പി. P11/2028/24 തീയതി 26/12/2024	എല്ലാ ഖണ്ഡികകളും

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number II(1) dated 23-06-2025 and submitted on 26-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Vettikavala Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State / Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Vettikavala Block Panchayat as on 31-03-2025

Date: 19/12/2025

Senior Deputy Director
District Office Kollam
Kerala State Audit Department

Audit Report appended to the Audit Certificate of Vettikavala Block Panchayat for the Year 2024-2025 .

1.Major Observations

Nil.

2.Other Observations

1. The mandatory financial statements such as ratios and notes to Secretary prescribed in accounting rules are not submitted with AFS.
2. A summary of deposits has not been prepared and maintained.
3. Details of Deposit with Kerala Water Authority and deposit with Ground Water Dept. includedin Schedule B18 have not been made available.
4. Details of development fund SCP Capital Rs. 325490/- included in Schedule B4 has not been furnished.
5. Development Fund(SCP)- expenditure in connection with Projects 130/25 (225000/-) &132/25(1060000/-) (Total Rs. 1285000/-)implemented by SCDO is not accounted in the Sulekha statement. The reason for the difference in expenditure of Rs. 650000/- in the ACR(Development fund-SCP) is not convinced.
6.The Receipts & Expenditure of IAY & NREGS are not convinced due to the nonproduction of records.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

അനുബന്ധം-3

ബിൽ നം./തീയതി	തുക
138/ 12-12-2024	3400.00
152/ 20-12-2024	1827.00
154/ 23-12-2024	9882.00
234/ 27-01-2025	6160.00
233/ 27-01-2025	5220.00
232/ 27-01-2025	21920.00
236/ 28-01-2025	26450.00
235/ 28-01-2025	9650.00
256/ 11-02-2025	17180.00
255/ 11-02-2025	12360.00
254/ 11-02-2025	6390.00
260/ 13-02-2025	13820.00
261/ 13-02-2025	10720.00
262/ 13-02-2025	24150.00
263/ 13-02-2025	5290.00
265/ 13-02-2025	180000.00
264/ 13-02-2025	30648.00
269/ 14-02-2025	85400.00
273/ 15-02-2025	10420.00
272/ 15-02-2025	10920.00
271/ 15-02-2025	11350.00
270/15-02-2025	27220.00
279/19-02-2025	8800.00
283/19-02-2025	15460.00
282/19-02-2025	11482.00
281/19-02-2025	11940.00
284/19-02-2025	16380.00
358/ 18-03-2025	182200.00
365/ 18-03-2025	6160.00
382/ 22-03-2025	5780.00
ആകെ	**788579**

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

4

അനുബന്ധ പത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.